(ബി) ഇത്തരം വള്ളങ്ങളുടെയും യാനങ്ങളുടെയും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ളവയുടെ എണ്ണം പട്ടിക തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) രജിസ്ട്രേഷൻ കഴിഞ്ഞ വാഹനങ്ങൾക്ക് ഫിഷിംഗ് ലൈസൻസ് നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) മീൻ പിടിക്കുന്നതിനല്ലാതെ കടലിൽ വള്ളങ്ങളും യാനങ്ങളും ബോട്ടുകളും പ്രവർത്തിക്കുന്നത് സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെ പരിശോധനാ പരിധിയിൽ വരുന്നതല്ല.

(ബി) മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന യാനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു.

(സി) (എ) ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) മത്സ്യബന്ധനത്തിനായുള്ള യാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയ മുറയ്ക്ക് ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽനിന്നും ലൈസൻസ് നൽകിവരുന്നു.

(ഇ) (എ) ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

213 (505) ശ്രീ. എം. മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടത്തിവരുന്ന പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ വർഷം അവസാനിക്കുമ്പോൾ ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും ഈ പദ്ധതിയിലെ ഏതൊക്കെ പണികളാണ് പൂർത്തീകരിക്കാനുള്ളത്;

(ഡി) ഈ പുനരധിവാസ പദ്ധതികൾക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി പുനഃസ്ഥാപനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന 45.2492 കോടി രൂപയുടെ സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്)-യും 23.29 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതി (ടി. ആർ. പി.)-യും 21.2186 കോടി രൂപയുടെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള (പി.എം.എൻ.ആർ.എഫ്.) പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിൽ സുനാമി അടിയന്തിര സഹായ പദ്ധതി 2009 ഒക്ടോബർ മാസത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രധാനപ്പെട്ട 29 പുനരധിവാസ പദ്ധതിയിൽ 24 പദ്ധതികളും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 5 പദ്ധതികളിൽ ഒരു പദ്ധതിയും പൂർത്തിയായിട്ടുണ്ട്.

(ബി) ടി ആർ പി. യിൽ ബാക്കിയുള്ള 5 പദ്ധതികളും പി. എം. എൻ. ആർ. എഫിൽ ബാക്കിയുള്ള 4 ൽ മൂന്ന് പദ്ധതികളും 80% പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ എല്ലാ പദ്ധതികളും പൂർത്തീകരിക്കാനാവും. പദ്ധതി വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(സി) സുനാമി പുനരധിവാസ പദ്ധതിയിലും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിലുമായി ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ഡി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ 45.2492 കോടി രൂപയും സുനാമി പുനരധിവാസ പദ്ധതിയിൽ 15.6164 കോടി രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 14.3812 കോടി രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ

214 (508) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ ഏതെല്ലാമാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച 15 തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 14 സൂപ്പർ മാർക്കറ്റുകൾ താഴെപ്പറയുന്നവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.